# തെരഞ്ഞെടുപ്പ്: മുൻ–പിൻ സർവ്വേകളിൽ കാണുന്നതും കാണാത്തതും

സി.ആർ. നീലകണ്ഠൻ


ഇപ്പോൾ സർവ്വേകളുടെ കാലമാണ്. തെരഞ്ഞെടുപ്പിനു മുമ്പും പിമ്പും നടത്തുന്ന ഒട്ടേറെ സർവ്വേഫലങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുന്നു. ഓരോഘട്ടം പോളിങ്ങ് കഴിയുമ്പോഴും നിലവാരം പുതുക്കിക്കൊണ്ടിരിക്കുന്നു. ആജ്തക്, സ്റ്റാർ ന്യൂസ്, എൻ.ഡി.ടി.വി. മുതലായവരാണ് പ്രധാന സർവ്വേക്കാർ. ഇവരെല്ലാം ഇന്ത്യയിലെ ഏതു താല്പര്യങ്ങളെ പ്രതിനിധീകരിക്കുന്നുവെന്ന ഏറ്റവും പ്രധാനസത്യം മറച്ചുവയ്ക്കപ്പെട്ടിരിക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ മാധ്യമ പ്രമുഖനായ റൂപർട്ട് മർഡോക്കിന്റേതാണ് സ്റ്റാർ. ഇന്ത്യാടുഡെയെന്ന ഇന്ത്യൻ കുത്തകയുടെ ചാനലാണ് ആജ്തക്. ഇത്തരം താൽപര്യങ്ങൾ ഒന്നും പുറത്തുപറയാതെയാണ് ഇവർ അവതരിപ്പിക്കുന്ന സർവ്വേഫലങ്ങളുടെ അടിസ്ഥാനത്തിൽ നാം ഇന്ത്യൻ ജനാധിപത്യത്തിന്റെ ഭാവിയെപ്പറ്റി ചർച്ചകൾ നടത്തുന്നത്. അതുകൊണ്ടുതന്നെ ഇവരുടെ സർവ്വേകളിലൊന്നും യഥാർത്ഥ ഇന്ത്യ പ്രതിഫലിക്കുന്നില്ല.

'ഇന്ത്യ തിളങ്ങുന്ന'തിന്റെ 'സുഖാനുഭൂതി' പ്രചരിപ്പിച്ചുകൊണ്ടാണ് കേന്ദ്രഭരണ കക്ഷിയായ ദേശീയ ജനാധിപത്യ സഖ്യം (എൻ.ഡി.എ.) ആദ്യം പ്രചരണം തുടങ്ങിയത്. സെൽഫോണും ഐ.ടി.യും വിദേശ നാണ്യശേഖരവും ഓഹരിക്കമ്പോളത്തിലെ ഉയർച്ചയുമെല്ലാമാണ് 'തിളക്ക'ത്തിന്റെ ലക്ഷണങ്ങളായി ഇവിടെ അവതരിപ്പിക്കപ്പെട്ടത്. ഈ തിളക്കത്തെ മാധ്യമങ്ങളൊന്നും ചോദ്യം ചെയ്തില്ല. ഇവക്കടിസ്ഥാനമായ സാമ്പത്തിക നയങ്ങളെ ഇവരാരും എതിർത്തില്ല. എന്നല്ല ശക്തമായി അനുകൂലിക്കുകയും ചെയ്തു. 'പരിഷ്ക്കാങ്ങൾ' എന്നാണ് ഈ സാമ്രാജ്യത്വ അജണ്ടക്ക് ഇവർ ഓമനപ്പേരിട്ടുവിളിച്ചത്. ഇന്ത്യയിലെ എഴുപതു ശതമാനത്തിലധികം പേർ ജീവനോപാധിയാക്കിയ കാർഷിക മേഖലയും അതിനടിസ്ഥാനമായ ജലം, മണ്ണ്, ജീവൻ തുടങ്ങിയ ഘടകങ്ങളും നാശത്തിന്റെ കുത്തൊഴുക്കിലാണെന്ന സത്യം ഈ ചാനലുകൾ പറയുന്നില്ല. തിളക്കവും സുഖാനുഭൂതിയുമില്ലാത്തവർ - ദളിതരും ആദിവാസികളും ഗ്രാമീണ കർഷകരും മത്സ്യത്തൊഴിലാളികളും മറ്റുപരമ്പരാഗത മേഖലയെ ആശ്രയിക്കുന്നവരുമായ ജനത - ഇന്നാട്ടിലുണ്ടെന്ന കാര്യം തന്നെ ഇവർ മറയ്ക്കുന്നു.

സർവ്വേയുടെ ആശാനെന്നറിപ്പെടുന്ന പ്രണായ് റോയിയുടെ വിശകലനത്തിൽ പറഞ്ഞ ചില വസ്തുതകളുണ്ട്. ദളിത് നേതാക്കളായ മായാവതിയുടേയും രാംവിലാസ് പാസ്വാന്റേയും മറ്റും ശക്തിവിലയിരുത്തുന്നതിൽ സർവ്വേകൾ പലപ്പോഴും പരാജയപ്പെടുന്നുവെന്നതാണതിലൊന്ന്. അവരെ പിന്താങ്ങുന്ന ജനവിഭാഗങ്ങളുടെ അഭിപ്രായങ്ങൾക്ക് ഈ സർവ്വേകളിൽ സ്ഥാനം കിട്ടാറില്ല. വാജ്പേയിയും സോണിയയും തമ്മിലുള്ള ഒരു ഏറ്റുമുട്ടലെന്ന രീതിയിൽ ഈ മാധ്യമങ്ങൾ നടത്തിയ പ്രചരണങ്ങൾ എത്ര അബദ്ധജഡിലവും, തെറ്റിദ്ധാരണാ ജനകവുമായിരുന്നുവെന്ന് ഇവരുടെതന്നെ സർവ്വേഫലങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ചാൽ മനസ്സിലാകും. ഈ രണ്ടുപേരും ഒരേ സാമ്പത്തിക വികസന നയങ്ങൾ പിന്തുടരുന്നവരാണെന്നതിനാൽ ആ നയങ്ങൾ തെരഞ്ഞെടുപ്പു വിഷയങ്ങളിൽ ഉൾപ്പെടുന്നില്ലെന്ന പ്രതീതിയുണ്ടാക്കാനാണ് ഈ തന്ത്രം. ഈ മാധ്യമങ്ങളുടെ താല്പര്യങ്ങൾ ശരിയാണെന്നുതന്നെ കരുതുക.

സർവ്വേ ഫലങ്ങൾ ശരിയാണെന്നു തന്നെ കരുതുക. എത്ര സീറ്റിൽ കോൺഗ്രസ്സും, ബി.ജെ.പി.യും ഒറ്റയ്ക്ക് നേരിട്ടേറ്റുമുട്ടുന്നുണ്ട് ? ഏറ്റവും വലിയ സംസ്ഥാനങ്ങളായ യു.പി., ബീഹാർ, പശ്ചിമബംഗാൾ, മഹാരാഷ്ട്ര, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലെല്ലാം കോൺഗ്രസ്സ് രണ്ടാം സ്ഥാനത്തോ അതിൽ താഴെയോ ആയ മുന്നണിയിൽ പങ്കാളിയാണ്. ഇവർ നേരിട്ടു മത്സരിക്കുന്ന പ്രധാന സംസ്ഥാനങ്ങൾ മധ്യപ്രദേശ്, രാജസ്ഥാൻ, ഗുജറാത്ത്, ദില്ലി, ഛത്തീസ്ഗഢ്, കർണാടക, ആസാം.... തീർന്നു. ഇവയെല്ലാം ചേർന്നാൽ തന്നെ ആകെ നൂറ്റമ്പതു സീറ്റാവില്ല. കോൺഗ്രസ്സും ബി.ജെ.പി.യും നേരിട്ടേറ്റു മുട്ടുന്ന സ്ഥലങ്ങളിലെല്ലാം ബി.ജെ.പി.ക്കാണു മുൻതൂക്കം എന്നതും ശ്രദ്ധേയമാണ്. മുന്നണി സംവിധാനത്തിന്റെ സാദ്ധ്യതകൾ അവർ നന്നായി ഉപയോഗിക്കുന്നു. എന്നാൽ തങ്ങളിപ്പോഴും ഏറ്റവും വലിയ കക്ഷിയാണെന്ന അഹങ്കാരം മൂലം കോൺഗ്രസ്സിന് ഒരു മുന്നണിരൂപപ്പെടുത്താൻ ബുദ്ധിമുട്ടാണ്. അതു മറികടന്നുകൊണ്ട് വിശാല മതേതര സഖ്യത്തിന് തയ്യാറായ സ്ഥലങ്ങളിൽ മാത്രമാണ് കോൺഗ്രസ്സിന് ബി.ജെ.പി.യുടെ മേൽ ആധിപത്യം കിട്ടിയേക്കാവുന്നത്. പ്രാദേശിക കക്ഷികൾ ദേശീയ രാഷ്ട്രീയത്തിൽ നിർണായകമായി വളർന്നുകൊണ്ടിരിക്കുകയാണ്. ഇതിനുള്ള പ്രധാനകാരണം, ജനങ്ങൾക്കുള്ള അസംതൃപ്തിയാണ്. ഇതുണ്ടാകുന്നത് സാമ്പത്തിക നയങ്ങളിലെ ജനവിരുദ്ധത മൂലമാണ്.






### ഹൈടെക്കിന്റെ തകർച്ച

സർവ്വേയനുസരിച്ചാണെങ്കിൽ ആന്ധ്രയിലും കർണാടത്തിലും നിലവിലുള്ള സംസ്ഥാന ഭരണകക്ഷികൾക്കെതിരാണ് ജനവികാരം. ആരാണിവിടെ മുഖ്യമന്ത്രിമാർ ? ഐ.ടി.യും ഹൈടെക്കും കൊണ്ട്, വൻവികസന പദ്ധതികൾകൊണ്ട്, കാർഷികരംഗത്തെ കോർപറേറ്റ്വൽക്കരണം കൊണ്ട് ലോകബാങ്കിന്റേയും എ.ഡി.ബിയുടെയും ആജ്ഞകൾ ശിരസാവഹിച്ചുകൊണ്ട്, ബിൽഗേറ്റ്സിന്റെയും ബിൽക്ലിന്റന്റേയും ബുഷിന്റേയും ടോണി ബ്ലയറിന്റേയും അനുമോദനങ്ങൾ നേടിക്കൊണ്ട് കഴിഞ്ഞ കുറെ വർഷങ്ങളായി 'തിളങ്ങുന്ന' രണ്ടു മുഖ്യമന്ത്രിമാരാണ് - എസ്.എം. കൃഷ്ണയും ചന്ദ്രബാബു നായിഡുവും - കർണാടകവും ആന്ധ്രയും ഭരിക്കുന്നത്. മലയാള മനോരമ മുതൽ കെ. വേണു വരെയുള്ളവർ കേരളത്തിലെ ഭരണാധികാരികൾക്ക് മാതൃയായി ഉയർത്തിക്കാട്ടിയത് ഇവരെയാണ്. ബാംഗ്ലൂരും ഹൈദരാബാദും (ക്ഷമിക്കുക സൈബരാബാദ്) പോലെ കൊച്ചിയും മറ്റും വളരണം. നമുക്ക് ഒരു മുഖ്യമന്ത്രിയെയല്ല. ആന്ധ്രയിലെ നായിഡുവിനെ പോലെ ഒരു സി.ഇ.ഒ. (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ - കമ്പനികൾക്കെന്നപോലെ) ആണ് ആവശ്യം എന്നിവർ ആർത്തുവിളിച്ചു. 'ആ സംസ്ഥാനങ്ങൾ എത്രയധികം വളർന്നുപോയി'യെന്നും 'നമ്മൾ (കേരളം) എത്ര പിന്നിലായി' എന്നും ഇപ്പോഴും ഇവർ കരയുന്നു. സത്യത്തിൽ അവിടെ എന്താണുസംഭവിച്ചതെന്ന് പലരും പറഞ്ഞിട്ടും ഇവിടെ മാദ്ധ്യമങ്ങൾപോലും വിശ്വസിച്ചില്ല. നായിഡുവും കൃഷ്ണയും വാജ്പേയിയും തോൽക്കുന്നുവെങ്കിൽ, അവർ സൃഷ്ടിച്ച തിളക്കവും സുഖാനുഭൂതിയും ചെറിയൊരു ന്യൂനപക്ഷത്തിനുമാത്രമായിരുന്നുവെന്നു നമുക്കു സമ്മതിക്കേണ്ടിവരും. ആയിരക്കണക്കിനു കർഷകരാണ് ഈ രണ്ടു സംസ്ഥാനങ്ങളിലും കഴിഞ്ഞ ഒന്നുരണ്ടു വർഷക്കാലത്ത് ആത്മഹത്യചെയ്തത്. ധൈര്യമില്ലാത്തതിനാൽ ആത്മഹത്യ ചെയ്യാത്തവർ പതിനായിരങ്ങളുണ്ടാകും. 'തുടർച്ചയായുണ്ടായ വരൾച്ച'യാണിതിനു കാരണമെന്നമട്ടിലുള്ള പ്രചരണമാണ് മാദ്ധ്യമങ്ങൾ നടത്തുന്നത്. വരൾച്ച ഇതിനുമുമ്പും ഉണ്ടായിട്ടുണ്ട് - ഇതിനേക്കാൾ ഭീകരമായിട്ടുതന്നെ. പക്ഷെ അന്ന് കർഷകരെ സഹായിക്കാൻ സർക്കാരുകളുണ്ടായിരുന്നു (രാജഭരണകാലത്തുപോലും ഇളവുകൾ നല്കിയിരന്നു.) എന്നാൽ ലോകബാങ്കും ലോക വ്യാപാര സംഘടനയും പറയുന്നതനുസരിക്കുന്ന മ്മുടെ 'ജനാധിപത്യ' സർക്കാരുകൾ ഈ കടമയിൽനിന്നൊഴിവായി. പ്രകൃതിയെ ആശ്രയിച്ച് സമൂഹത്തിന്റെ നിലനിൽപിനുവേണ്ടിയാണ് മുമ്പുനാം കൃഷി ചെയ്തിരുന്നത്. എന്നാൽ ഹരിതവിപ്ലവമെന്ന 'മുതലാളിത്ത' (പ്രകൃതിവിഭവങ്ങളെ 'ചൂഷണം' ചെയ്യുന്ന) കൃഷി വന്നതോടെ പ്രകൃതി - മണ്ണും ജലവും സസ്യജാലങ്ങളും ജീവികളും - വെറും യന്ത്രംപേലെയാണെന്ന് കരുതാൻ തുടങ്ങി. രാസവളങ്ങളും കീടനാശിനികളും അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങളും നാണ്യവിളകളും പ്രകൃതിയുടെ താളം തെറ്റിക്കുകയും ഒരു പരിധിവരെ അതിനെ നിർജ്ജീവമാക്കുകയും ചെയ്തു. അതോടൊപ്പം കൃഷി ചിലവേറിയതായി - കമ്പോളാശ്രിതമായി, കർഷകർ പരാശ്രിതരായി - പ്രകൃതിയെ ആശ്രയിക്കാത്തവരായി - കടക്കെണിയിലായി. വിത്ത്, വളം, കീടനാശിനി, വൈദ്യുതി മുതലായവയ്ക്കു സബ്സിഡി നല്കി കർഷകരെ സർക്കാർ സംരക്ഷിച്ചു. പക്ഷെ ആഗോളവൽക്കരണം വന്നതോടെ ഇതും നിലച്ചു. ജീവനില്ലാത്ത പ്രകൃതിയെ ആശ്രയിക്കാൻ കഴിയാതെവന്ന കർഷകർ നിലനിൽക്കാനാകാതെ ജീവനൊടുക്കി. കാർഷിക മേഖലയിലെ തകർച്ച മറ്റുപല മേഖലകളിലുമെത്തി. പരമ്പരാഗത തൊഴിലുകൾ ഇതിന്റെ ഭാഗമായി തകർന്നു. മണ്ണിനോടുള്ള അതേസമീപനം തന്നെ കടലിനോടും നമ്മളെടുത്തു. തീരദേശത്ത് കണ്ണീർ തോരാതായി.

ചന്ദ്രബാബു നായിഡുവിനെപ്പോലെ, കൃഷ്ണയെപ്പോലെയുള്ള ഭരണകർത്താക്കൾ ഈ പ്രശ്നത്തിനു പരിഹാരമായ കോർപറേറ്റുകളെ ക്ഷണിച്ചുവരുത്തി. അവർക്ക് ഭൂമിയും വനവും കടലും വിട്ടുകൊടുത്തു. 'ഉൽപാദന വളർച്ച' (ജി.ഡി.പി.) യുടെ കണക്കുകളിൽ അവർ ഊറ്റംകൊണ്ടു. ബഹുരാഷ്ട്ര ഭീമന്മാർ അവരെ പുകഴ്ത്തി. പക്ഷെ ജനകീയ വിധി ഇവർക്കെതിരാകുന്നു.


ഓഹരിക്കമ്പോളത്തിന്റെ ഉയർച്ചയും സെൽഫോണും സിലിക്കൺവാലിയെന്ന സ്വപ്നവുംകൊണ്ട് 'തിളക്കം' ദർശിച്ച മദ്ധ്യവർഗ്ഗത്തിന് ഇക്കാര്യം ബോദ്ധ്യപ്പെടാൻ ഇനിയും സമയമെടുത്തേക്കും. പിൻസർവ്വേകളുടെ ഫലം പുറത്തുവന്നുതുടങ്ങിയതോടെ ഓഹരിക്കമ്പോളത്തിൽ തകർച്ച തുടങ്ങി. ആദ്യത്തെ ഒന്നുണ്ടുദിവസം കൊണ്ടുതന്നെ സൂചികയുടെ താഴ്ച 2001 മാർച്ച് 13ലെ 'മഹാ തകർച്ച' യെ ഓർമ്മിപ്പിക്കുന്നവിധമായി. 'തൂക്ക് പാർലമെന്റ്' വന്നാൽ അത് 'സാമ്പത്തിക ഘടന' യെ ബാധിക്കുമെന്നും പരിഷ്ക്കാരങ്ങൾ നിലയ്ക്കുമെന്നും വിദഗ്ദർ ഭയപ്പെടുന്നു. ഏതുതരം സമ്പദ്ഘടനയാണിവിടെ തകരുന്നത് ? ആഗോളമൂലധന ശക്തികളുടെ നിയന്ത്രണത്തിലുള്ള ഓഹരിക്കമ്പോളമോ ? നാളിതുവരെയുണ്ടായിട്ടില്ലാത്ത വിധമുള്ള വിദേശനാണ്യ ശേഖരമോ ? ഡോളാറിനെതിരെയുള്ള ഇന്ത്യൻ രൂപയുടെ മൂല്യവർദ്ധനവോ ? സമ്പന്നന്റെ ഉൽപന്നമായ ഐ.ടി. (സോഫ്റ്റ്വെയർ) കയറ്റുമതി സാദ്ധ്യതകളോ ? പൊതുമേഖലാ ഓഹരികൾ ചുളുവിലക്ക് വാങ്ങാൻ (ഡിസിൻവെസ്റ്റ്മെന്റ്) തയ്യാറായി നിൽക്കുന്നവരുടെ പിന്മാറ്റമോ ? ഇതൊക്കെ ഒരു രാജ്യത്തിന്റെ 'തകർച്ച' യായി നമുക്കു കരുതാനാകുമോ ?

ഇല്ല. ഇതൊന്നും ഇവിടത്തെ ബഹുഭൂരിപക്ഷത്തിനും ആശങ്കയുണർത്തുന്ന കാര്യങ്ങളല്ല. അൽപംകൂടി വ്യക്തമായി പറഞ്ഞാൽ ഈ 'തകർച്ച' തന്നെയല്ലേ ദരിദ്രർ യഥാർത്ഥത്തിൽ ആഗ്രഹിക്കേണ്ടത് ? ബ്രസീലിലും മെക്സിക്കോയിലും ഇന്തോനേഷ്യയിലും മലേഷ്യയിലും അർജന്റീനയിലുമെല്ലാം സംഭവിച്ചത് ഇതുതന്നെയല്ലേ ? ഈ തകർച്ചയിൽനിന്നും പാഠംപഠിക്കാൻ നമ്മുടെ ഭരണകർത്താക്കൾ ശ്രമിക്കുമോ ? 'ജനഹിതം' മാനിക്കാൻ അവർ തയ്യാറാകുമോ ? നാളിതുവരെ തുടർന്ന തെറ്റായ സാമ്പത്തിക - വികസന നയങ്ങൾ മാറ്റാൻ അവർ തയ്യാറാകുമോ ? സൂപ്പർഹൈവേകൾക്കും കമ്പ്യൂട്ടറുകൾക്കും വമ്പൻ ഫാക്ടറികൾക്കും വൈദ്യുത നിലയങ്ങൾക്കും അണക്കെട്ടുകൾക്കും വേണ്ടിത്തന്നെയാകുമോ പുതിയ ഭരണകർത്താക്കളും ശ്രമിക്കുക ? ലക്ഷക്കണക്കിനു മനുഷ്യരെ തങ്ങളുടെ ജീവിതത്തിൽ നിന്നും വേരോടെ പിഴുതെറിയുന്ന സർദ്ദാർ സരോവർ പോലെയുള്ള പദ്ധതികൾ ഉപേക്ഷിക്കാൻ ഇവർ തയ്യാറാകുമോ ? വിദേശമൂലധനത്തിനുവേണ്ടി, അവരുടെ പദ്ധതികൾക്കുവേണ്ടി വാദിക്കുന്നവർ ധാബോളിലെ എൻറോൺ നിലയത്തെ പറ്റി ഓർക്കുമോ ? ഇന്ത്യൻ ജനതയുടെ പതിനായിരത്തിലധികം കോടിരൂപ (അതിന്റെ പലിശയും) 2001 മെയ് 29 മുതൽ മുടങ്ങിക്കിടക്കുന്ന ആ ദുരന്തസ്മാരകം മഹാരാഷ്ട്രയിലുണ്ട്. ലോകബാങ്ക് നിർദ്ദേശമനുസരിച്ച് 'വൈദ്യുതിപരിഷ്ക്കാരങ്ങൾ' നടപ്പിലാക്കി 'മാതൃക' കാണിച്ച സംസ്ഥാനമാണ് ആന്ധ്ര. വൈദ്യുതി വില കർഷകർക്കും സാധാരണ ജനങ്ങൾക്കും താങ്ങാനായില്ലായെന്നതാണ് നായിഡുവിന്റെ തോൽവിക്കുള്ള പ്രധാനകാരണം. ബഹുരാഷ്ട്ര മൂലധനത്തിന് വൈദ്യുതിമേഖല വിട്ടുകൊടുക്കാനാണ് ഈ പരിഷ്ക്കാരങ്ങൾ നടത്തിയത്.

ഛത്തീസ്ഗഢിലെ ശിവനാഥ് നദിക്കുവില പറഞ്ഞുവിറ്റ മുൻമദ്ധ്യപ്രദേശ് മുഖ്യമന്ത്രി ദിഗ്വിജയ് സിങ്ങും ഛത്തീസ്ഗഢ് മുഖ്യമന്ത്രി അജിത് ജോഗിയും ഇന്ന് അധികാരത്തിനു പുറത്താണെന്ന സത്യം പെരിയാറും മലമ്പുഴയും വിൽക്കാൻ ശ്രമിക്കുന്ന കേരളത്തിലെ ഭരണാധികാരങ്ങൾ ഓർക്കുന്നതു നന്ന്. മുമ്പുള്ള അമ്പതുവർഷംകൊണ്ടുണ്ടാക്കിയതിനേക്കാളധികം റോഡ് തങ്ങൾ കഴിഞ്ഞ അഞ്ചുവർഷം കൊണ്ടു നിർമ്മിച്ചുവെന്നതായിരുന്നല്ലോ 'തിളക്ക'ക്കാരുടെ അവകാശവാദം. 'ഗോൾഡൻ ക്വാഡ്രിലാറ്ററൽ' എന്ന ബൃഹത്പദ്ധതികൾ കേരളത്തിലുൾപ്പെടുത്താത്തതിൽ ദുഖിക്കുന്ന ഇവിടത്തെ ഇടതു വലതു നേതാക്കൾ മുംബയ്-പൂനെ തുടങ്ങിയ സ്വകാര്യഹൈവേകളുടെ ഇന്നത്തെ അവസ്ഥ മറന്നുപോയോ? ഐ.ടി.വികസനത്തിനായി കണ്ണഞ്ചിപ്പിക്കുന്ന സംവിധാനങ്ങൾ തീർക്കാൻ ദരിദ്രന് അവകാശപ്പെട്ട പണം വാരിവിതറുന്ന സമീപനം ശരിയാണോ? ആവശ്യപ്പെടുന്നവർക്കെല്ലാം സ്വാശ്രയ കോളെജുകൾ നൽകുകയും സർക്കാർ എയ്ഡഡ് സക്കൂളുകൾ അടച്ചുപൂട്ടുകയും ചെയ്യുന്നതുതുടരുമോ? വാജ്പേയ് എന്ന മഹാമനുഷ്യനെ അവതരിപ്പിക്കുമ്പോൾ, ഇപ്പോഴും അദ്ദേഹത്തിന്റെ പിന്നിലെ ഏറ്റവും വലിയ ശക്തികളായ തൊഗാഡിയ-നരേന്ദ്രമോഡിമാരെ കാണാതിരിക്കുമോ? അമേരിക്കൻ ഭരണകൂടത്തിനും ഇസ്രായേലിനും അടിയറവച്ച ഇന്ത്യയുടെ പരമാധികാരം വീണ്ടെടുക്കുമോ ?

വെറും കണക്കുകളുടെ മായാജാലങ്ങളും ഗ്രാഫുകളും സ്വിങ്ങുകളുമായി അവതരിപ്പിക്കപ്പെടേണ്ടതല്ല ജനങ്ങളുടെ അഭിപ്രായങ്ങൾ. ക്രിക്കറ്റിന്റെ സ്കോർ ബോർഡ് പോലെതന്നെയാണ് ടി.വി.കൾ ഈ കണക്കുകളും കാണിക്കുന്നത്. ക്രിക്കറ്റിൽ ആരു ജയിച്ചാലും അത് നമ്മുടെ ജീവിതത്തെ ബാധിക്കുന്നില്ല. എന്നാൽ അതല്ല തെരഞ്ഞെടുപ്പിന്റെ സ്ഥിതി. (അങ്ങനെയാക്കാനാണ് ശ്രമം. പക്ഷെ അതു ശരിയല്ല.) നമ്മുടെ നിലനിൽപ്പിനെത്തന്നെ ബാധിക്കുന്ന നയങ്ങൾ തീരുമാനിക്കപ്പെടുന്നതാകണം തെരഞ്ഞെടുപ്പ്. അതാണ് ജനാധിപത്യത്തിന്റെ രാഷ്ട്രീയം. യഥാർത്ഥ ജനഹിതം പ്രവർത്തിച്ചാൽ തിളക്കം മായും. ദുഃഖാനുഭൂതി ബോദ്ധ്യപ്പെടും. പരിഷ്ക്കാരങ്ങൾ നിലക്കും. പകരം.... ഇതുറപ്പാക്കാനാവുന്നതല്ലല്ലോ ഇന്നത്തെ നമ്മുടെ കക്ഷിനില...

### ആഗോളവൽക്കരണം സാധാരണക്കാരന്റെമേൽ




കടപ്പാട്: നേസ, ബാംഗ്ലൂർ